## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2223 — 20.06.2012-ൽ മറുപടിക്ക്

### മഴക്കാലപൂർവ്വരോഗങ്ങളുണ്ടാകാതിരിക്കാൻ മാവേലിക്കര മണ്ഡലത്തിൽ സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) മഴക്കാല ശുചീകരണത്തിന് ഒരു വാർഡിൽ കഴിഞ്ഞവർഷം എത്ര തുക അനുവദിച്ചു ; എല്ലാ വാർഡുകൾക്കും പ്രസ്തുത തുക അനുവദിച്ചിട്ടുണ്ടോ ; ഈ വർഷം എത്ര തുക അനുവദിച്ചു ; തുക വിതരണം നടത്തിയിട്ടുണ്ടോ ; | എ) 2011-12 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ 1372 വാർഡുകളിലായി 10,000/- രൂപ വീതം 137.2 ലക്ഷം രൂപ എൻ.ആർ.എച്ച്.എം അനുവദിച്ചു. ടി മുഴുവൻ തുകയും ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾ വഴി 1372 വാർഡുകളിലായി വിതരണം ചെയ്തിട്ടുണ്ട്. |
| ബി) മാവേലിക്കര മണ്ഡലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; ഓരോ പ്രവർത്തനത്തിനും ചെലവഴിച്ച തുക എത്ര ? | ബി) 2011-12 സാമ്പത്തിക വർഷം മാവേലിക്കര മണ്ഡലത്തിലെ 211 വാർഡുകൾക്കായി 10,000/- രൂപ വീതം 21.1 ലക്ഷം രൂപ ടി മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിലും വാർഡൊന്നിന് 10,000/- രൂപ നിരക്കിൽ ആകെ 21.10 ലക്ഷം രൂപ മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ളതാണ്.<br>മാവേലിക്കര മുനിസിപ്പാലിറ്റിയിൽ മഴക്കാല ശുചീകരണത്തിനായി 28 വാർഡുകൾക്ക് ആകെ 280000/- രൂപ അനുവദിച്ചതിൽ 219450/- രൂപ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിട്ടുണ്ട്.<br>1. കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ<br>2. വാർഡുതല ആരോഗ്യകമ്മിറ്റി കൺവീനർമാർക്കുള്ള അലവൻസ്<br>3. കുറ്റിക്കാടുകൾ വെട്ടി വൃത്തിയാക്കുക.<br>4. ഓടകൾ, റോഡുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലെ ശുചീകരണം. |

......2

5. കൊതുക് നശീകരണം
6. അടിയന്തിരമായി രോഗികളെ ആശുപത്രിയിലെത്തിക്കുന്നതിന്റെ യാത്രാചെലവ്.

ഈ വർഷം മാവേലിക്കര മുനിസിപ്പാലിറ്റിയിൽ 28 വാർഡുകളിലേക്കായി 28000/- രൂപ അനുവദിച്ചു. പ്രസ്തുത തുക എല്ലാ വാർഡുകൾക്കും വിതരണം നടത്തി. 2011-12ൽ പ്രാഥമിക, സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾക്കായി 9,70,000/- രൂപ അനുവദിച്ചതിൽ, 8,21,931/- രൂപ ചെലവഴിക്കുകയുണ്ടായി. 2012-13ൽ 9,70,000/- രൂപ അനുവദിച്ചതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സ്വീകരിച്ച നടപടികൾ:

1. വാർഡ് ഹെൽത്ത് ന്യൂട്രീഷൻ ക്ലാസ്സ് നടത്തുകയുണ്ടായി.
2. ഉറവിട നശീകരണവും പരിസര ശുചീകരണവും
3. കനാലുകൾ കിണറുകൾ എന്നിവ വൃത്തിയാക്കി.
4. കിണറുകൾ ക്ലോറിനേറ്റ് ചെയ്തു.
5. നോട്ടീസ് പ്രിന്റിങ്ങ് നടത്തി.
6. കമ്മ്യൂണിക്കേഷൻ അലവൻസ്
7. റെഫറൽ ട്രാൻസ്പോർട്ട്

മാവേലിക്കര നിയോജക മണ്ഡലത്തിൽ 5 പഞ്ചായത്തുകളിലേക്കായി (ചുനക്കര, നൂറനാട്, പിലമേൽ, താമരക്കുളം, വള്ളിക്കുന്നം) 2010-11ൽ അനുവദിച്ച തുക -

| | |
|---|---|
| | 50000 X 81 വാർഡ്= 4,05,000/- |
| 2011-12ൽ അനുവദിച്ച തുക | - 8,60,000/- |
| മൊത്തം | - 12,65,000/- |
| 2012-13ൽ അനുവദിച്ച തുക | - 8,60,000/- |

.......3

മേൽ ഫണ്ടു പ്രകാരം 86 വാർഡുകളിലായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ.

1. ഉറവിട നശീകരണവും പരിസര ശുചീകരണവും
2. ക്ലോറിനേഷൻ
3. പോഷക ആഹാര ദിനാചരണം, ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തൽ
4. വിന്റ് പൈപ്പ് വല കെട്ടി കൊടുക്കുക
5. അഗതികൾക്കായുള്ള യാത്രാബത്ത ബന്ധപ്പെട്ടവർക്ക് നൽകുക
6. കൺവീനർമാർക്കുള്ള ടെലിഫോൺ ചാർജ്ജ് നൽകുക.
7. പകർച്ച വ്യാധി രോഗ നിയന്ത്രണ പരിപാടികൾ നടപ്പിലാക്കുക.

സെക്ഷൻ ഓഫീസർ